പി.റ്റി(3) 8212/2024

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി: 22-10-2024
Email:keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel: No: 0471 2330825

## സർക്കുലർ നമ്പർ-24/2024

വിഷയം :- 71-മത് സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്.

സൂചന :- 1. സഹകരണ (ഡി) വകുപ്പിന്റെ 08.08.2024 ലെ D1/190/2024-Co-Op നമ്പർ കത്ത്.
2. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ 06.09.2024 തീയതിയിലെ പി.ആർ/4641/2024നമ്പർ കത്ത്.

71-മത് അഖിലേന്ത്യാ സഹകരണ വാരാഘോഷം ദേശീയ സഹകരണ യൂണിയന്റെ ആഹ്വാനപ്രകാരം 2024 നവംബർ 14 മുതൽ 20 വരെ ആഘോഷിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 14 ന് എറണാകുളത്ത് കളമശ്ശേരിയിൽ വച്ചും, സംസ്ഥാനതല സമാപനം മലപ്പുറത്ത് തിരൂരിലും വച്ചുമാണ് സംഘടിപ്പിക്കുന്നത്. ഈ വർഷത്തെ വാരാഘോഷത്തിന്റെ പ്രമേയം Role of Co-operatives in building "Viksit Bharat" ("വികസിതഭാരതം കെട്ടിപ്പടുക്കുന്നതിൽ സഹകരണമേഖലയുടെ പങ്ക്") എന്നതാണ്.

### 71-മത് അഖിലേന്ത്യാ സഹകരണ വാരാഘോഷ ദിനങ്ങളുടെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

14.11.2024 : Strengthening Co-operation movement through New Initiatives of Ministry of Co-operation
(സഹകരണമന്ത്രാലയത്തിന്റെ പുതിയ സംരംഭങ്ങളിലൂടെ സഹകരണപ്രസ്ഥാനങ്ങളെ ശക്തീകരിക്കുന്നു.

15.11.2024 : Innovation,Technology and Good Governance in Co-operatives
(സഹകരണസ്ഥാപനങ്ങളിൽ നവീകരണം, മികച്ച ഭരണം,മികച്ച സാങ്കേതികവിദ്യ)

16.11.2024 : The Role of Co-operatives in Fostering Entrepreneurships, Employment and Skill Development
(സംരംഭകത്വം, തൊഴിൽ, നൈപുണ്യവികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലുള്ള സഹകരണമേഖലയുടെ പങ്ക്.)

17.11.2024 : Transforming Co-operative Enterprises
(സഹകരണസംരംഭങ്ങളെ രൂപാന്തരപ്പെടുത്തുന്നു.)

18.11.2024 : Strengthening Co-operation among Co-operatives
(സഹകരണസംഘങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നു.)

19.11.2024 : Cooperatives for Women, Youth Weaker Sections.
(സ്ത്രീകൾ,യുവജനങ്ങൾ,ദുർബലവിഭാഗങ്ങൾഎന്നിവർക്കുള്ള സഹകരണസ്ഥാപനങ്ങൾ.)

20.11.2024 : Role of Co-operatives in achieving SDGs and way forward for better World
(സ്വയം വികസനഗ്രൂപ്പുകൾ കൈവരിക്കുന്നതിലും മികച്ച ലോകം സൃഷ്ടിക്കുന്നതിനുമുള്ള സഹകരണ സംഘങ്ങളുടെ പങ്ക്)

മേൽ പറഞ്ഞ ദിനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ സർക്കിൾ യൂണിയനുകളും, സഹകരണ സ്ഥാപനങ്ങളും കോളേജ്/സെന്ററുകളും,കിക്മയും, ആർ.പി.എം. ആർട്സ് & സയൻസ് കോളേജും നവംബർ 14 ന് രാവിലെ പതാക ഉയർത്തി സഹകരണ പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

സഹകരണ വാരാഘോഷം കഴിയുന്നതുവരെയും സഹകരണ സ്ഥാപനങ്ങൾ അലങ്കരിച്ച് സൂക്ഷിക്കുന്നതിനും, വാരാഘോഷത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും, വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടന-സമാപന വിവരങ്ങൾ പ്രതിപാദിക്കുന്ന ബോർഡുകൾ നിർബന്ധമായും സഹകരണ സ്ഥാപനങ്ങളുടെ മുന്നിൽ സ്ഥാപിക്കണം. താങ്കളുടെ പരിധിയിലെ സഹകരണസ്ഥാപനം/സഹകരണ ബാങ്ക് വാരാഘോഷ പ്രചരണ ബോർഡ് സ്ഥാപിച്ചുവെന്ന കാര്യം സർക്കിൾ സഹകരണ യൂണിയനുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേക ഏകോപനം സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാർ ചെയ്യേണ്ടതാണ്. കൂടാതെ സർക്കിൾ യൂണിയനുകൾ മുൻകൈയെടുത്ത് താലൂക്ക് തലത്തിലും ജില്ലാതലത്തിലും വാരാഘോഷ പരിപാടികൾ സംഘടിപ്പിക്കണം.

സഹകരണ മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വിധം പ്രത്യേക സെമിനാറുകൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കണം. സംസ്ഥാന തലത്തിൽ സംസ്ഥാന സഹകരണ യൂണിയനും, സർക്കിൾ തലത്തിൽ അതാത് സർക്കിൾ സഹകരണയൂണിയനുകൾക്കുമാണ് സഹകരണ വാരാഘോഷത്തിന്റെ സംഘാടന ചുമതല. ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നടത്തിപ്പിനുമായി എല്ലാ ജില്ലകളിലും യൂണിയൻ ബോർഡ് മെമ്പർ ചെയർമാനായും, ജില്ലാജോയിന്റ് രജിസ്ട്രാർ(ജനറൽ) കൺവീനറായും സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ അംഗങ്ങളായും സ്വാഗത സംഘം രൂപീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി,സംസ്ഥാന സഹകരണ യൂണിയൻ
2. സഹകരണആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടേറ്റ്, തിരുവനന്തപുരം.
3. സി.ഇ.ഒ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ ജോയിന്റ്ഡയറക്ടർ(ആഡിറ്റ് )മാർക്കും
6. എല്ലാസർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ/സെക്രട്ടറിമാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
7. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
9. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി.റ്റി/പി.റ്റി)